**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ ഉല്പന്നത്തിന് വില നിശ്ചയിക്കുന്നതിനുള്ള അവകാശം നൽകുന്ന നിയമം ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഒരു പരിധി വരെ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യബന്ധനത്തിലേർപ്പെടുന്നവരിൽ ഇരുപത് ശതമാനത്തോളം ആളുകൾക്ക് മാത്രമേ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥതയുള്ളൂ എന്ന പ്രശ്നം അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥക്ക് കാരണമാകുന്നതിനാൽ അത് പരിഹരിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | മത്സ്യബന്ധന ത്തിലേർപ്പെടുന്നവരെ മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥരാക്കുക എന്നതാണ് സർക്കാരിന്റെ ആത്യന്തിക ലക്ഷ്യം. ഇതിനായി തീരദേശത്തെ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് യാനങ്ങൾ സ്വന്തമാക്കുന്നതിന് ആവശ്യമായ തുക പലിശ രഹിത വായ്പയായി അനുവദിച്ചു വരുന്നു. എൻ.സി.ഡി.സി.യിൽ നിന്നും അനുവദിക്കുന്ന വായ്പാ ധനസഹായമാണ് മത്സ്യഫെഡ് മുഖേന പ്രാഥമിക മത്സ്യ ത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നത്. ഈ തുകയുടെ പലിശ മുഴുവൻ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2021-22 വർഷം ഇതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓഖിയിൽ യാനങ്ങൾ നഷ്ടപ്പെട്ടതുമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസം ഉറപ്പാക്കുന്ന പദ്ധതി പ്രകാരം 120 ഗ്രൂപ്പുകൾക്ക് സൗജന്യമായും കൂടാതെ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ 300 ഗ്രൂപ്പുകൾക്കും മത്സ്യബന്ധനയാനവും എഞ്ചിനുമടങ്ങുന്ന യൂണിറ്റുകൾ അനുവദിച്ചു വരുന്നു. ഇതിനു പുറമേ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിപ്രകാരം 10 പേരടങ്ങുന്ന 10 ഗ്രൂപ്പുകൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി പൈലറ്റ് ആയി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കുന്നതാണ്. കൂടാതെ മത്സ്യത്തൊഴിലാളികൾ സ്വായത്ത മാക്കുന്ന 10 HP വരെയുള്ള എഞ്ചിനുകൾക്ക് പരമാവധി 30000/-രൂപയും വലയ്ക്ക് പരമാവധി 10000/- രൂപയും സബ്സിഡിയായി മത്സ്യഫെഡ് മുഖേനയും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും അനുവദിച്ച് വരുന്നു |
| (സി) | തൊഴിൽ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും പ്രകൃതിക്ഷോഭം മൂലം മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്നവർക്ക് അവ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ടോ; | (സി) | 2018 മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളി കളുടെ തൊഴിൽ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. 2018 ൽ യാനങ്ങൾക്കു മാത്രമായിരുന്നു ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നത്. എന്നാൽ 2019 മുതൽ യാനവും എൻജിനും ഇൻഷ്വറൻസ് പരിരക്ഷയുടെ കീഴിൽ കൊണ്ടുവന്നു. പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവും ആണ്. 2018-19 ൽ 647, 2019-20 ൽ 856, 2020-21ൽ 924, 2021-22 നാളിതുവരെ 2018 പരമ്പരാഗത മൽസ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതി ക്ഷോഭങ്ങളിൽപെട്ട് മൽസ്യബന്ധന ഉപകരണ ങ്ങൾ നഷ്ടപ്പെടുന്നവർക്ക് അവ പുനരുജ്ജീവിപ്പി ക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF)ൽ നിന്നും സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ (SDRF) നിന്നും നഷ്ടപരിഹാരം ലഭ്യമാക്കി വരുന്നു |
| (ഡി) | ഓഖി പുനരധിവാസത്തിനായി നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ഡി) | 1. ഓഖി ദുരന്തത്തിൽ മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന 20 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2. ഓഖിയിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു. 3. ഓഖിയിൽ മരിച്ചവരുടേയും കാണാതായവരുടേയും കുടുംബങ്ങളിൽ ഭവന രഹിതരായവർക്ക് പ്രത്യേക പുനരധിവാസം നടപ്പാക്കി. 4. ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരമായി 7.13 കോടി രൂപ അനുവദിച്ചു. 5. ഓഖിയിൽ കാണാതായവരുടേയും മരണമടഞ്ഞവരുടേയും മക്കളുടെ 2037 വരെയുള്ള |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് 13.92 കോടി രൂപ നീക്കി വെച്ചു. 6. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യ ത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ യാഥാർത്ഥ്യമാക്കി 7. 40000 പേർക്ക് സൗജന്യമായി സൗജന്യമായി ലൈഫ് ജാക്കറ്റ് വിതരണം ചെയ്തു. 8. 120 എഫ്.ആർ.പി. ബോട്ടുകൾ മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പുകൾക്ക് സൗജന്യമായി വിതരണം ചെയ്തു. 9. ഓഖി ദുരന്തത്തിൽ മരണപ്പെട്ടതും കാണാതായവരുമായ മത്സ്യ ത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ കണ്ടെത്തുന്നതിന് സഹായ കരമാവും വിധം വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റിനും സീഫുഡ് റസ്റ്റോറന്റിനും അനുമതി നൽകി. 10. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷക്കായി യുവ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചു. 11. കടലിൽ ആശയ വിനിമയത്തിനും മുന്നറിയിപ്പുകൾ നൽകുന്നതിനും കഴിയുമാറ് നാവിക് ഉപകരണങ്ങൾ, സാറ്റലൈറ്റ് ഫോൺ എന്നിവയും വിതരണം ചെയ്തു. കൂടുതൽ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു |
| (ഇ) | മത്സ്യത്തൊഴിലാളികൾക്കായുള്ള കടാശ്വാസ നടപടികൾ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | കടബാധ്യതയാൽ കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും 2008 ൽ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം കൊണ്ടു വരികയും കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ 22.01.2009 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31.12.2008 വരെ എടുത്ത വായ്പകളിന്മേൽ കടാശ്വാസത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കമ്മീഷൻ പരിഗണിച്ച് അർഹത കണ്ടെത്തി കടാശ്വാസം ശിപാർശ ചെയ്ത് വരുന്നു. 31.12.2007വരെ എടുത്ത വായ്പകൾക്ക് മുതലിനത്തിൽ 75,000/- രൂപയും പലിശയും, 01.01.2008 മുതൽ 31.12.2008 വരെ എടുത്ത വായ്പകളിൽ മുതലിനത്തിൽ 1,00,000/- രൂപയും പലിശയും കമ്മീഷൻ ശുപാർശ ചെയ്ത് വരുന്നു. നാളിതുവരെ കടാശ്വാസമായി 200.42കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം 2ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

ഓഖി ദുരന്തത്തിൽ മരിച്ചതും കാണാതായതുമായ 143 മത്സ്യ ത്തൊഴി ലാളികളുടെ കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന 20 ലക്ഷം രൂപ വീതം അനുവദിച്ചു നൽകി. കൂടാതെ1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വച്ച് അടിയന്തിര ധനസഹായം, മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സാ ധനസഹായമായി 10,68,000/-രൂപ എന്നിവയും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ ലക്ഷ്യത്തോടു കൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ഗാർഡുമാരായി നിയമിച്ചു. കൂടാതെ പൂർ ണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടുവാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ മുഖേന നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഭവന പദ്ധതി

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷംരൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകി. കടൽ തീരത്തുനിന്ന് 50 മീറ്റർ മാറി സുരക്ഷിതസ്ഥലത്ത് സുരക്ഷിത ഭവനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയാണ് ചെയ്യേണ്ടത്. മൊത്തം 72 ഗുണഭോക്താക്കളിൽ വിവിധ കാരണങ്ങളാൽ പദ്ധതിയിൽ നിന്ന് പിൻവാങ്ങിയ 50 പേർ ഒഴിച്ച് ബാക്കിയുള്ള 22 പേർക്ക് സ്ഥലവും വീടിനുമായി ആവശ്യമായ 2.41 കോടിരൂപ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2) ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളുടെ പുനരധിവാസം

തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും, വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം വാങ്ങി. 12 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 13 പേർ 2nd stage പൂർത്തീകരിച്ചു, വീട് നഷ്ടപ്പെട്ട 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു, ഇതുവരെ 210.714 ലക്ഷം രൂപ ചെലവഴിച്ചു.

3) ഭവന പുനരുദ്ധാരണം

ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.0415 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. 194.5 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

4) ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 481 മത്സ്യത്തൊഴിലാളികൾക്ക് ആറ് ഘട്ടങ്ങളിലായി 7.133 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു. കൂടാതെ ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 4 പേർക്ക് 24,60,405/- രൂപ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

5) വിദ്യാഭ്യാസ ധനസഹായ പാക്കേജ്

ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം / തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2018-19 ൽ 156 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 53.75 ലക്ഷം രൂപ, 2019-20 ൽ 152 കുട്ടികൾക്കായി 55.1 ലക്ഷം രൂപ, 2020-21 ൽ 131 കുട്ടികൾക്കായി 45 ലക്ഷം രൂപ, 2021-22 വർഷത്തിൽ 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്.

6) മറൈൻ ആംബുലൻസ്

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന നിർമ്മിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു വരുന്നു.

7) ലൈഫ് ജാക്കറ്റ് വിതരണം

കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് സൗജന്യമായി നൽകുന്നതിന് 6.10 കോടി രൂപ അനുവദിക്കുകയും ലൈഫ് ജാക്കറ്റുകൾ നൽകി- പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

8) നാവിക് ഉപകരണങ്ങൾ നൽകൽ

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്ത് 15000 നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി അനുമതി നൽകിയിയതിൽ. 2500 ഉപകരണങ്ങൾക്ക് തുക അനുവദിച്ച് നൽകുകയും 1550 ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുമുണ്ട്

9) സാറ്റലൈറ്റ് ഫോൺ

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. 2.25 കോടി രൂപ ചെലവഴിച്ച് 240 സാറ്റലൈറ്റ് ഫോണുകൾ ആദ്യഘട്ടമായി വാങ്ങുകയുണ്ടായി. ഗുണഭോക്തൃ വിഹിതം 1000/-രൂപ പരമ്പരാഗത യാന ഉടമകളും 46951/- രൂപ യന്ത്രവത്കൃത

യാന ഉടമകളും അടക്കേണ്ടതുണ്ട്. 212 ഗുണഭോക്താക്കൾ ഇതുവരെ ഗുണഭോക്തൃവിഹിതം അടച്ചു ഇതിൽ 194 ഗുണഭോക്താക്കൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്തു. 168 ഗുണഭോക്താക്കളുടെ " SIM" പ്രവർത്തന ക്ഷമമാക്കി.

10) കടൽ സുരക്ഷാ സ്ക്വാഡ്

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടിരൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 15 ദിവസം വീതമുള്ള ട്രെയിനിംഗ് ചെലവുകൾക്കായി 4.50 കോടി രൂപ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു. ഇതുവരെ 15 ബാച്ചുകളിലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നുള്ള 612 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു.

11) FRP ബോട്ട്

120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂ റവല്യൂഷനിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 107 ബോട്ടുകളുടെ പണി പൂർത്തിയാവുകയും ആയതിലേക്കുള്ള വല, സുരക്ഷാ ഉപകരങ്ങൾ, മറ്റ് അനുസാരികൾ എന്നിവ മത്സ്യഫെഡ് വഴി നൽകിവരുന്നു. നാളിതുവരെ 5.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

12) ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും

ഓഖി ദുരന്തത്തിൽ മരണപ്പെട്ട / കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകി. നാളിതുവരെ ടി പദ്ധതിയ്ക്കായി 30.05612 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

13) ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാളുടെ നഷ്ടപരിഹാരം.

ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് 20.19 ലക്ഷം രൂപ അനുവദിച്ചു.

14) ദുരന്തത്തിൽ മരിച്ചവരുടെ/കാണാതായവരുടെ വിധവകൾക്ക് തൊഴിൽദാന പദ്ധതിതിരുവനന്തപുരം ജില്ലയിൽ 142 ആശ്രിതരുള്ളവരിൽ 42 പേർക്ക് നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

| ANNEXURE 1 | | | | | | |
|---|---|---|---|---|---|---|
| **OCKHI PACKAGE** | | | | | | |
| **HARBOUR ENGINEERING DEPARTMENT** | | | | | | |
| **Sl. No.** | **Name of work** | **AS No. &Date** | **AS amount(in lakhs)** | **T.S details** | **Upto date Expenditure(in lakhs)** | **Present Status** |
| **1** | **2** | **3** | **4** | **5** | **6** | **7** |
| **1** | **Second stage development of Neendakara FH** | | | | | |
| | a)Flooring of auction hall | G.O.(Rt).No.177/2019/ F&PD 01.03.2019 | 511 | eeklm/2018-2019/2019/132 Dated:07-03-2019 | 46.151 | Work completed |
| | b)Construction of net mending shed at Sakthikulangara Harbour | | | eeklm/2018-2019/2019/136 Dated:07-03-2019 | 39.3951 | Work completed |
| | c)Ugradation of Internal road at Sakthikulangara | | | eeklm/2018-2019/2019/133 Dated:07-03-2019 | 32.373 | Work completed |
| | d)Construction of additional parking area at Sakthikulangara | | | eeklm/2018-2019/2019/135 Dated:07-03-2019 | 37.05597 | Work completed |
| | | | | **Sub Total** | 154.97526 | |

| | | | | | | |
|---|---|---|---|---|---|---|
| **2** | **Second stage development of Kayamkulam FH - Phase - I** | G.O. (Rt).No.177/2019/ F&PD 01.03.2019 | 844 | 803/2018-2019 dated 07. 03.2019 | 52.662 | Breakwater work in progress.(40%) |
| **3** | **Second stage development of Thottappaly FH - Phase-I** | G.O. (Rt).No.177/2019/ F&PD 01.03.2019 | 1338 | 802/2018-2019 dated 06. 03.2019 | 175.35 | Work in progress (33%) . Replenishment of breakwater completed and breakwater extension work in progress. |
| **4** | **Extension of North breakwater of Munambam FH** | G.O. (Rt).No.177/2019/ F&PD 01.03.2019 | 1057 | 798/2018 - 2019 dated. 6-3-2019 | 879.13825 | Work completed. |
| **5** | **Extension of breakwater of Kasaragod FH** | G.O. (Rt).No.177/2019/ F&PD 01.03.2019 | 1720 | 655/20189-2020 dated 28. 12.2019 | 0 | 52%. Work in progress.Final profile completed upto Ch.90. |
| **GRAND TOTAL** | | | | | **1262.12551** | |

**അനുബന്ധം-2**

| DETAILS OF FUND SANCTIONED FOR DEBT RELIEF AS ON 11.03.2022 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Financial Year | Allotment (in crores) | Administrative expenses (in crores) | Matsyafed (in crores) | Co-operative registrar (in crores) | Naionalised/ Scheduled Bank (In crores) | Other financial Institutions (In crores) | Refund to beneiciaries | Total (In crores) | No. of beneficiaries | Remarks |
| 2008-09 | 10 | 0.5 | | | | | | 0.5 | | |
| 2009-10 | 10 | 0.5 | 5.913<br>13 | | | | | 19.413 | | |
| 2010-11 | 100 | 0.55 | 11.935 | 44.38 | | | | 56.865 | | |
| 2011-12 | 8 | 0.85 | 0.36 | 49.7 | | | | 50.91 | | |
| 2012-13 | 0.85 | 0.85 | 0 | 0 | | | | 0.85 | | |
| 2013-14 | 20.85 | 1.1 | 0 | 19.495 | | | | 20.595 | | |
| 2014-15 | 26 | 1.3 | 0 | 9.51 | 11.86 | 2.24 | | 24.91 | | |
| 2015-16 | 21.2 | 1.2 | 0.86 | 4.86 | 9.64 | 0 | | 16.56 | | |
| 2016-17 | 17.5 | 1.3 | 0.318 | 0 | 7.44 | 0.254 | | 9.312 | | |
| 2017-18 | 17.5 | 1.4 | 0.054 | 3.28 | 1.1415 | 0.676 | 0.442 | 6.9935 | 1713 Beneficiaries | |
| 2018-19 | 17.5 | 1.45 | 0.0364 | 0.394 | 0.157 | 0.137 | 0.1917 | 2.3661 | 236 Beneficiaries | |
| 2019-20 | 17.5 | 1.25 | 0 | 0.294 | 0.075 | 0 | 0 | 2.3723 | 145 Beneficiaries | 75,24,105 put in treasury queue |
| 2020-21 | 2.5 | 1.3074 | 0.1838 | 0.698914). | 0.1068 | 0.0801 | 0.123 | 2.5 | 234 Beneficiaries | 1) 75,24,105 released from 2020-21 financial year. 2) 10 lakh re-appropriated from this head |
| 2021-22 | 2.5 | 1.126 | 0.6964 | 0.2623 | 0.0906 | 0.1308 | 0.0336 | 2.3399 | 248 Beneficiaries | |
| **Total** | **271.9** | **14.6834** | **33.3566** | **132.8742** | **30.5109** | **3.5179** | **0.7903** | **216.4868** | | |